സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

March 2025
Vol. 1 Issue 3 pages 60-63

പാലൈ
PALAI பாலை
ISSN No: 3049-0316

# അധികാരപ്രയോഗത്തിന്റെ രാഷ്ട്രീയം കഥകളിൽ



**ഫ്രാൻസിസ് മൈക്കിൾ***


**സംഗ്രഹം**

അധികാരസ്ഥാപനങ്ങളുടെ വന്യതയും കുടിലതയും അവരെ നയിക്കുന്ന പ്രതികാരദാഹവും പ്രതീകാത്മകമായി ചിത്രീകരിക്കുന്ന 'രണ്ട് രാജക്കൻമാരും രണ്ട് വഴിക്കുരുക്കുകളും' എന്ന കഥ ലാറ്റിനമേരിക്കൻ എഴുത്തുകാരനായ ജോർജ് ബോർഹസിന്റേതാണ്. ആനന്ദിന്റെ 'കുഴി' അടിയന്തരാവസ്ഥയുടെ പശ്ചാത്തലത്തിൽ എഴുതിയ കഥയാണ്. 'കുഴി' സാധാരണക്കാരുടെ ജീവിതാവസ്ഥയുടെ രൂപകനിർമിതിയാണ്. അധികാര പ്രസ്ഥാനങ്ങളുടെ പ്രത്യയശാസ്ത്രം എത്ര ഉത്കൃഷ്ടമായാലും അതിനു വിധേയരാകുന്നവർ കേവലം അടിമകളും മൃഗതുല്യരുമായി മാറുന്നു. ഒരിക്കലും മോചനമില്ലാത്ത കുഴിയിൽ ഒടുങ്ങുന്നവർക്ക് മനുഷ്യരെന്ന പരിഗണന പോലും ലഭിക്കുന്നില്ല. ബോർഹസ് അധികാര സ്ഥാപനങ്ങളുടെ തനിസ്വഭാവം ചിത്രീകരിക്കുമ്പോൾ ആനന്ദ് അധികാരപ്രയോഗത്തിന്റെ രൂപഭാവങ്ങൾ തീവ്രതയോടെ പകർത്തുന്നു. അധികാരസ്ഥാപനങ്ങളുടെ അന്ധതയും അനീതിക്കും ചരിത്രം അകമ്പടി സേവിക്കുന്നതിന്റെ മൗഢ്യവും 'കുഴി' അനാവൃതമാക്കുന്നു. അധികാരസ്ഥാപനങ്ങളെ നയിക്കുന്നത് ധാർമികതയോ, നീതിബോധമോ, മാനുഷികതയോ അല്ലെന്ന് ബോർഹസും ആനന്ദും സ്ഥാപിക്കുമ്പോൾ അത് ലാറ്റിനമേരിക്കൻ ജീവിതാനുഭവവും ഇൻഡ്യൻ യാഥാർത്ഥ്യവുമായി മാറുന്നു.


**താക്കോൽ വാക്കുകൾ:** അധികാരപ്രയോഗത്തിന്റെ രാഷ്ട്രീയം, വഴിക്കുരുക്ക്, കുഴിയുടെ ഭൂമിശാസ്ത്രം, സാംസ്കാരിക നിർമിതി, ചരിത്രം.

ലാറ്റിനമേരിക്കൻ എഴുത്തുകാരൻ ജോർജ് ലൂയിസ് ബോർഹസിന്റെ ചെറുകഥയാണ് 'രണ്ട് രാജാക്കൻമാരും രണ്ട് വഴിക്കുരുക്കുകളും'. സ്പാനിഷ് ഭാഷയിൽ എഴുതിയ ചെറുകഥയുടെ മലയാള വിവർത്തനം നടത്തിയിരിക്കുന്നത് ശ്രീ. ജീവൻ കുമാറും ശ്രീ. അനിൽകുമാറും ചേർന്നാണ്. അധികാരസ്ഥാപനങ്ങളുടെ സങ്കീർണതകളും സ്വഭാവപ്രത്യേകതകളും പ്രതീകവത്കരിക്കുന്ന കഥയാണ് 'രണ്ട് രാജാക്കൻമാരും രണ്ട് വഴിക്കുരുക്കുകളും'. ആനന്ദ് എഴുതിയ കഥയാണ് 'കുഴി'. പശ്ചാത്തലം അടിയന്തരാവസ്ഥയുടേതാണ്. അധികാരപ്രയോഗത്തിന്റെ അയുക്തിയും അധാർമികതയും അനാവരണം ചെയ്യുന്ന കഥയാണ് 'കുഴി'. കുഴിയിലകപ്പെട്ടവർ ഒരിക്കലും മോചനമില്ലാത്ത അടിമത്തത്തിന്റെ ഇരകളായി മാറുന്നു. ഈ

* അസിസ്റ്റന്റ് പ്രൊഫസർ, മലയാള വിഭാഗം, നിർമ്മല കോളേജ് മൂവാറ്റുപുഴ.
Email - franciskm70@gmail.com

രണ്ട് കഥകളും അധികാരവിനിമയത്തിന്റെ വ്യത്യസ്ത രൂപങ്ങളെ പ്രതീകവത്കരിക്കുന്നതെങ്ങനെ എന്ന അന്വേഷണമാണ് ലേഖനത്തിന്റെ അന്തർധാര.

## വഴിക്കുരുക്കുകളുടെ സങ്കീർണത

ബാബിലോൺ രാജാവ് സങ്കീർണമായ വഴിക്കുരുക്ക് നിർമ്മിക്കാൻ ആവശ്യപ്പെടുന്നു. ഏറ്റവും വിവേകമുള്ള ബുദ്ധിശാലികൾപോലും അതിൽ പ്രവേശിക്കാൻ ധൈര്യപ്പെടരുത് അഥവാ പ്രവേശിച്ചാൽ അവർക്ക് വഴിതെറ്റണം എന്നതായിരുന്നു രാജാവിന്റെ വ്യവസ്ഥ. അതിഥിയായി എത്തിയ അറേബ്യൻ രാജാവിനെ അധിക്ഷേപിക്കാൻ അദ്ദേഹത്തെ വഴിക്കുരുക്കിൽ തന്ത്രപൂർവം പ്രവേശിപ്പിക്കുന്നു. അപമാനിതനും ഭയചകിതനുമായ അറേബ്യൻ രാജാവ് വൈകുന്നേരംവരെ വഴിക്കുരുക്കിൽ അലഞ്ഞുതിരിഞ്ഞു. ഒടുവിൽ ദൈവസഹായത്താൽ പുറത്തെത്തി. പരാതിയും നീരസവും പുലർത്താതെ അറേബ്യൻ രാജാവ് തന്ത്രപൂർവം പ്രതികരിച്ചു. തന്റെ രാജ്യത്തും ഇങ്ങനെ ഒരു വഴിക്കുരുക്ക് ഉണ്ട്. ദൈവകാരുണ്യത്താൽ അതു പരിചയപ്പെടാൻ ബാബിലോൺ രാജാവിന് ഇടയാകും എന്നു പറഞ്ഞ് രാജാവ് അറേബ്യയിലേക്ക് മടങ്ങി. അധികം താമസിയാതെ അയാൾ ബാബിലോണിനെ ആക്രമിച്ച് കീഴ്പ്പെടുത്തി. ബാബിലോൺ രാജാവിനെ തടവിലാക്കി. ഒട്ടകപ്പുറത്ത് ബന്ധിച്ച് മരുഭൂമിയിൽ എത്തിച്ചു. അത് തന്റെ രാജ്യത്തെ വഴിക്കുരുക്കാണെന്ന് അറേബ്യൻ രാജാവ് ഓർമിപ്പിച്ചു. തിരിയാൻ വാതിലുകളും കയറാൻ ഏണിപ്പടികളും ഇല്ലാത്ത വഴിക്കുരുക്ക്. എന്നിട്ട് രാജാവിനെ മരുഭൂമിയുടെ മധ്യത്തിൽ ഉപേക്ഷിച്ചു. മരുഭൂമിയിൽ വിശന്നുവലഞ്ഞ് ബാബിലോൺ രാജാവ് മരിച്ചു. 'മരിക്കാതിരിക്കുന്നവന് മഹത്വം' എന്ന പ്രസ്താവനയോടെ കഥ അവസാനിക്കുന്നു.

## വഴിക്കുരുക്കുകളുടെ അധികാരരാഷ്ട്രീയം

'രണ്ട് രാജാക്കാൻമാരും രണ്ട് വഴിക്കുരുക്കുകളും' അധികാരവിനിമയത്തിന്റെയും വ്യത്യസ്ത ലോകവീക്ഷണത്തിന്റെയും സംഘർഷത്തിന്റെയും സംഘട്ടനത്തിന്റെയും ആഖ്യാനമാണ്. സാംസ്കാരികതയുടെ ഈറ്റില്ലമായ ബാബിലോണും അറേബ്യൻ മരുഭൂമിയുടെ വരണ്ട ഊഷരതയും തമ്മിലുള്ള സംഘർഷമാണത്. ഭൂമിശാസ്ത്രപരമായി തികഞ്ഞ വൈരുദ്ധ്യം പേറുന്ന ഇടങ്ങളാണ് ബാബിലോണും അറേബ്യയും. ബാബിലോണിലെ വഴിക്കുരുക്ക് സാംസ്കാരിക പ്രൗഢിയുടെയും സമൃദ്ധിയുടെയും അഹന്തനിറഞ്ഞ അധികാരത്വരയുടെയും പ്രതീകമാണ്. അതിൽ പ്രവേശിക്കുന്നവരെ നിന്ദിച്ചും അപമാനിച്ചും അധികാരപ്രയോഗത്തിന്റെ ക്രൂര-പരിഹാസരൂപവും സ്വാധിപത്യസ്വഭാവവും ബോർഹസ് കലാപരമായി അവതരിപ്പിക്കുന്നു. ശിക്ഷിച്ചും പീഡിപ്പിച്ചുമാണ് എല്ലാ അധികാരസ്ഥാപനങ്ങളും സ്വയം പ്രതിഷ്ഠിക്കുന്നത് എന്നും എല്ലാ സത്യങ്ങളും പ്രത്യയശാസ്ത്രനിർമിതികളാണ്. വിജ്ഞാനത്തിന്റെ സംക്രമണം പോലും എപ്പോഴും അധികാരകാമനയാൽ കലുഷിതമാണെന്നുമുള്ള മിഷേൽ ഫൂക്കോയുടെ (സി.ജെ. ജോർജ് (എഡി), 1996: 135) നിലപാടിനെ കഥ സാധൂകരിക്കുന്നു.

അറേബ്യൻ രാജാവിന്റെ വഴിക്കുരുക്ക് മരുഭൂമിയുടെ പ്രതീകാത്മകതയിലാണ്. കമാനങ്ങളും വിതാനങ്ങളുമില്ലാത്ത അകത്തേക്കും പുറത്തേക്കും വാതിലുകളില്ലാത്ത മരുഭൂമിയുടെ ശൂന്യതയാണത്. അതിലകപ്പെടുവർക്കുള്ള വിമോചനമാർഗം മരണം മാത്രമാണ്. ബാബിലോൺ രാജാവിനെ ബലമായി മരുഭൂമിയുടെ ശൂന്യതയ്ക്കും മരണത്തിനും അറേബ്യൻ രാജാവ് വിധേയനാക്കി തന്റെ രാജ്യത്തിലെ വഴിക്കുരുക്കിന്റെ ക്രൂരവും വന്യവുമായ രൂപം വ്യക്തമാക്കുന്നു. 'രണ്ട് രാജാക്കൻമാരും രണ്ട് വഴിക്കുരുക്കുകളും' എന്ന ബോർഹസിന്റെ കഥ വായിക്കുന്നവരും മനഃസാക്ഷിയുടെ കുരുക്കിൽ അകപ്പെടുന്നവരായി മാറുന്നു.

അധികാരപ്രയോഗത്തിന്റെ അഹന്തയും അതിനെ ഭരിക്കുന്ന പ്രതികാരദാഹവും മിഥ്യാബോധവും ക്രൂരതയും അധികാരത്വരയും 'രണ്ട് രാജാക്കൻമാരും രണ്ട് വഴിക്കുരുക്കുകളും' എന്ന കഥയുടെ അന്തർധാരയാണ്. അന്യരെ അധിക്ഷേപിച്ചും പരിഹസിച്ചും അഹങ്കാരത്തിന്റെ ആൾ രൂപങ്ങളാകുന്ന ഭരണാധിപരുടെ തനിസ്വരൂപമാണ് ബാബിലോൺ രാജാവ്. സംസ്കാരത്തിന്റെ ഈറ്റില്ലമാണ് ബാബിലോൺ. എന്നിട്ടും ധാർമിക അവബോധം അദ്ദേഹത്തെ നയിക്കുന്നതേയില്ല. ബാബിലോൺ സംസ്കാരത്തിന്റെ മഹത്തായ ഈടുവയ്പുകളെല്ലാം തകർത്ത് അതിനെ മരുഭൂമിയാക്കാൻ പോന്ന

 ISSN No: 3049-0316


വന്യമായ പ്രതികാരദാഹം അറേബ്യൻ രാജാവിനുണ്ട്. അധികാരപ്രയോഗം മാനവികമൂല്യങ്ങളിലോ ധാർമികതയിലോ അധിഷ്ഠിതമല്ല എന്ന് ബോർഹസ് സ്ഥാപിക്കുമ്പോൾ അത് ലാറ്റിനമേരിക്കൻ ജനത നൂറ്റാണ്ടുകളായി അനുഭവിക്കുന്ന യാഥാർത്ഥ്യമായി മാറുന്നു.

## കുഴിയുടെ ജീവിതവ്യഥ

ആനന്ദിന്റെ 'കുഴി' അടിയന്തിരാവസ്ഥയുടെ പശ്ചാത്തലത്തിൽ എഴുതിയ കഥയാണ്. കുഴിയിലകപ്പെട്ടവരുടെ അനുഭവവിവരണമായി കഥ നീളുന്നു. 'ഞങ്ങളുടെ സംസ്കാരം, ചരിത്രം, മനഃശാസ്ത്രം ഇതെല്ലാം മനസ്സിലാക്കാൻ നിങ്ങൾ ഞങ്ങളുടെ ഭൂമിശാസ്ത്രം പഠിക്കേണ്ടിയിരിക്കുന്നു' (ആനന്ദ്, 2004:192) എന്നു തുടങ്ങുന്ന കഥ മനുഷ്യാവസ്ഥയുടെ ഭൂമിശാസ്ത്രവ്യഥയായി പരിണമിക്കുന്നു. കുഴിയിൽ എക്കാലവും കൊടിയ വറുതിയുടെ വേനൽ മാത്രമാണുള്ളത്. 'ചെളിയുടെയും രോഗത്തിന്റെയും വളവും വായുവും വലിച്ചെടുത്ത് മുളച്ചുവളർന്ന്, ഉണങ്ങി ചീഞ്ഞ് സസ്യതുല്യം ഞങ്ങൾ ഒടുങ്ങുന്നു. വേദന ഞങ്ങളുടെ ജന്മവാസനയാണ്' (ആനന്ദ്, 2004:192). കുഴിയിൽനിന്നു കരകയറിയവർ മലമുകളിൽ എത്തുന്നു. അവിടം സുഖവാസകേന്ദ്രങ്ങളാണ്. അവർ ഉടമകളും അസാധാരണ കഴിവുകളും അമാനുഷിക സിദ്ധികളും ഉള്ളവരായി ഭാവിക്കുന്നു. അവർ ദൈവതുല്യരോ ദൈവങ്ങളോ ആയി സ്വയം പ്രതിഷ്ഠിക്കുന്നു. അവരെ ആരാധിക്കുകയും അനുസരിക്കുകയും ചെയ്യുക കുഴിയിലുള്ളവരുടെ കടമയാണ്. സ്വാതന്ത്ര്യത്തിന്റെ വിമോചനസ്വപ്നത്തിൽ വലിയ മാറ്റങ്ങൾ സംഭവിച്ചു. ചിലർ മലകയറി മുകളിലെത്തി. അവിടെ പാർത്തിരുന്ന മലദൈവങ്ങൾ പടിയിറങ്ങി. അങ്ങനെ പുതിയ അധികാരവ്യവസ്ഥ രാഷ്ട്രനിർമിതി എന്ന പേരിൽ സാധ്യമായി. പക്ഷേ അധികാരപ്രയോഗത്തിന്റെ രീതികളിൽ മാറ്റങ്ങൾ ഒന്നും സംഭവിച്ചില്ല. അതിനെതിരായ പ്രതിഷേധം നിഷ്ഫലമായ പ്രതിവിപ്ലവമായി. പങ്കാളികൾ പരിഹാസ്യരായി. കുഴിയിലുള്ളവർ ഭയങ്കരമായ ഒരു ആട്ടുചക്കിനോട് ബന്ധിക്കപ്പെട്ടു കിടക്കുന്നവരാണ്. ചരിത്രം ഈ ഭൂമിശാസ്ത്രത്തെ രക്ഷാകവചമായി വിശേഷിപ്പിക്കുന്നു. പർവതങ്ങളെ പ്രകീർത്തിക്കുന്നു. ചരിത്രത്തെ ഭൂമിശാസ്ത്രത്തിന്റെ ശാഖയായി കാണുന്ന ചരിത്രകാരന്മാരിൽ പ്രതീക്ഷയ്ക്ക് വകയില്ലെന്ന് കഥ സമർത്ഥിക്കുന്നു. അതുകൊണ്ട് പർവതാരോഹണമാണ് എല്ലാ സംസ്കാരത്തിന്റെയും അടിസ്ഥാനമെന്ന് ചരിത്രം കരുതുന്നു. കുഴിയിലകപ്പെട്ടവർ ഒരിക്കലും മോചനമില്ലാത്ത അടിമകളായി മാറുന്നു.

## അധികാരപ്രയോഗത്തിന്റെ ഭൂമിശാസ്ത്രം

അധികാരസ്ഥാപനങ്ങളുടെ തനിസ്വരൂപത്തെ പ്രതീകാത്മകമായി പ്രത്യക്ഷവത്കരിക്കുന്ന കഥയാണ് 'കുഴി'. നീതിയും മനുഷ്യത്വവും നിഷേധിക്കുന്ന നിലപാടാണ് എന്നും അധികാരസ്ഥാപനങ്ങൾ പുലർത്തുന്നത്. 'സംസ്കാരമെന്ന അധികാരരൂപത്തിന് സംഭവിക്കുന്ന ദിശാമാറ്റമാണ് ദേശീയതയായി പരിണമിക്കുന്നത്' (ഇ.വി. രാമകൃഷ്ണൻ, 2001:36) എന്നും പുതിയ ദേശീയ ഭരണകൂടത്തിന്റെ അധികാരമണ്ഡലം വ്യക്തിയുടെ സ്വകാര്യജീവിതത്തിലും കൈയേറ്റം നടത്തുമെന്നുമുള്ള (ഇ.വി. രാമകൃഷ്ണൻ 2001:48) ഇ.വി. രാമകൃഷ്ണന്റെ ദർശനത്തെ കഥ സാധൂകരിക്കുന്നു. അധികാരസ്ഥാപനങ്ങളെ നയിക്കുന്ന പ്രത്യയശാസ്ത്രം എത്ര ഉദാത്തമായാലും പ്രായോഗികതലത്തിൽ അധികാരത്തിനു വിധേയരാകുന്നവർ ഒരിക്കലും മോചനമില്ലാത്ത അടിമത്തത്തിന്റെ പ്രതീകമായ കുഴിയിൽ ഒടുങ്ങുന്നവരായി ആനന്ദ് കരുതുന്നു. എല്ലാ ഭരണകൂടങ്ങളും സ്വേച്ഛാപ്രഭുത്വത്തിന്റെ പ്രതീകങ്ങളാണ്. പ്രത്യയശാസ്ത്രങ്ങളുടെ പേരിൽ ഒരു ഭരണകൂടത്തെ ഇല്ലാതാക്കി മറ്റൊന്നു പ്രതിഷ്ഠിക്കുമ്പോൾ സ്വേച്ഛാപ്രഭുത്വം കൈമാറ്റം ചെയ്യപ്പെടുന്നതു മാത്രമാണ് സംഭവിക്കുന്നത് (കെ.പി. അപ്പൻ, 2006:12) എന്ന കെ.പി. അപ്പന്റെ നിലപാടിനോട് കഥ അനുരൂപപ്പെടുന്നു. വെറും ഉപകരണങ്ങളും മൃഗങ്ങളുമായി അവരെ അധികാരസ്ഥാപനങ്ങൾ കരുതുന്നു. മനുഷ്യൻ എന്ന പരിഗണനപോലും ലഭിക്കാത്ത ജീവിതത്തിന്റെ വ്യഥയും സ്വത്വപ്രതിസന്ധിയും 'കുഴി' കാവ്യാത്മകമായി അവതരിപ്പിക്കുന്നു. അധികാരം എറ്റുവാങ്ങിയ സ്വാതന്ത്ര്യാനന്തര ഇൻഡ്യൻ ഭരണവർഗം ജനാധിപത്യവത്കരണ പ്രക്രിയയുടെ ജനകീയ ഉള്ളടക്കത്തെ ഭയപ്പെട്ടു. അതിന്റെ ബാഹ്യരൂപം മാത്രം നിലനിർത്താൻ ശ്രമിച്ചു (ബി. രാജീവൻ, 2011: 337) എന്നും ആധുനിക പൗരസമൂഹത്തിലേക്കുള്ള ജനതയുടെ വികാസത്തെ ഭരണകൂടം തടഞ്ഞുനിർത്തി. ജാതി-മത-ദേശീയതകളുടെ പുറംതോടുകൾക്കുള്ളിലാണ് ഗ്രാമീണ ജനത അവരുടെ സാമൂഹികാസ്തിത്വം

ISSN No: 3049-0316


കണ്ടെത്തിയത് (ബി. രാജീവൻ, 2011: 338) എന്നുമുള്ള ബി. രാജീവന്റെ അഭിപ്രായത്തെ കഥ അധികരിക്കുന്നു.

ചരിത്രത്തിന്റെ മൗഢ്യത്തെ 'കുഴി' നിശിതമായി വിമർശിക്കുന്നു. ചരിത്രം പ്രസ്ഥാനങ്ങളുടെയും സാമ്രാജ്യങ്ങളുടെയും കൊടുമുടികളുടെയും ഭൂപഭാവങ്ങളിലും വ്യവഹാരങ്ങളിലും മാത്രം ശ്രദ്ധ പതിപ്പിക്കുമ്പോൾ കുഴിയിലുള്ളവർ ചരിത്രത്തിൽനിന്നു ഭ്രഷ്ട് കല്പിച്ച ബഹിഷ്കൃതർ മാത്രമാകുന്നു. സാധാരണക്കാരുടെ ജീവിതയാഥാർത്ഥ്യങ്ങളെ ചരിത്രം എന്നും തമസ്കരിക്കുന്നു. കുഴിയലകപ്പെട്ടവർ ചരിത്രത്തിന് വിഷയമാകുന്നതേയില്ല എന്നു കഥ സ്ഥാപിക്കുന്നു.

'രണ്ട് രാജാക്കാന്മാരും രണ്ട് വഴിക്കുരുക്കുകളും' സമർത്ഥിക്കുന്ന അധികാരസ്വരൂപങ്ങളുടെ തുടർച്ച ആനന്ദിന്റെ 'കുഴി'യിലും പ്രകടമാകുന്നു. 'രാഷ്ട്രീയ സിദ്ധാന്തങ്ങൾ വസ്തുനിഷ്ഠമായ അറിവുകളല്ല. രാഷ്ട്രീയം അടവുകളിൽ അധിഷ്ഠിതമായ പ്രയോഗസാധ്യതകളാണ്' എന്ന ഫൂക്കോയുടെ ദർശനത്തെ (സി.ജെ. ജോർജ് (എഡി), 1996: 134) രണ്ട് കഥകളും സാക്ഷ്യപ്പെടുത്തുന്നു. ബോർഹസ് അധികാരസ്വരൂപങ്ങളുടെ അഹന്തയും സ്വാർത്ഥതയും അധികാരപ്രമത്തതയും വന്യതയും തന്ത്രപരമായി നിർദാക്ഷിണ്യം തുറന്നുകാട്ടുന്നു. ആനന്ദ് പ്രസ്തുത അധികാരികളുടെയും അധികാരകേന്ദ്രങ്ങളുടെയും അയുക്തികതയും അധാർമികതയും മനുഷ്യത്വരഹിത നിലപാടുകളും പ്രതീകാത്മകമായി ആവിഷ്കരിക്കുന്നു. ഈ അധികാരസ്ഥാപനങ്ങളുടെയും അവരെ നയിക്കുന്ന പ്രത്യയശാസ്ത്രങ്ങളുടെയും വാഴ്വിന് ചരിത്രം അകമ്പടി സേവിക്കുന്ന അന്ധതയെ ഭ്രമിശാസ്ത്രപ്രതീകങ്ങളിലൂടെ കഥ കലാപരമായി അവതരിപ്പിക്കുന്നു. അധികാരപ്രയോഗത്തിന്റെ ഇരകളായവരുടെ ഒരിക്കലും മോചനമില്ലാത്ത ജീവിതദുരിതത്തിന്റെ ഭ്രമിശാസ്ത്രപ്രതീകമാണ് 'കുഴി'. അനീതിയും അധാർമികതയും നിറഞ്ഞ അധികാരസ്വരൂപത്തിന്റെയും അധികാരപ്രയോഗത്തിന്റെയും അവിഷ്കാരങ്ങളായി രണ്ട് കഥകളും മാറുന്നു. ലാറ്റിനമേരിക്കൻ ജീവിതയാഥാർത്ഥ്യങ്ങളും ഇൻഡ്യൻ സാമൂഹ്യസാഹചര്യങ്ങളും തമ്മിലുള്ള സാമ്യമാകണം ഈ കഥകളെ പ്രമേയപരമായി ബന്ധിപ്പിക്കുന്നത്.

## സഹായഗ്രന്ഥങ്ങൾ

1. അപ്പൻ, കെ.പി, 2006, കലഹവും വിശ്വാസവും, തൃശൂർ: എച്ച് & സി ബുക്സ്.
2. ആനന്ദ്, 2004, ആനന്ദിന്റെ കഥകൾ, തൃശൂർ: കറന്റ് ബുക്സ്.
3. രാജീവൻ, ബി, 2011, വാക്കുകളും വസ്തുക്കളും, കോട്ടയം: ഡി.സി. ബുക്സ്.
4. ജോർജ്, സി.ജെ, (എഡി), 1996, ആധുനികാനന്തര സാഹിത്യസമീപനങ്ങൾ, തൃശൂർ: Book Worm.
5. രാമകൃഷ്ണൻ, ഇ വി, 2001, ദേശീയതകളും സാഹിത്യവും, കോട്ടയം: ഡി.സി. ബുക്സ്.